ലിറ്റിൽ കൈറ്റ്സ്
2023-2026 ബാച്ച് തയ്യാറാക്കിയിരിക്കുന്ന

# തളിരിലകൾ




# സെന്റ്  ആന്റണിസ് ജി എച് എസ്
# സൗത്ത് താണിശ്ശേരി



**ഹെഡ്മിസ്ട്രസ്**
**സിസ്റ്റർ.സിൻറ്റ എഫ്.സി.സി**
**സെൻറ്  ആൻറണീസ് ജി. എച്ച്. എസ്. സ്കൂൾ**
**സൗത്ത് താണിശ്ശേരി**

# ആശംസ

പാഠപുസ്തകത്തിനപ്പുറത്ത് വിവരസാങ്കേതിക
വിദ്യയുടെ  പുതിയലോകം പരിചയപ്പെടാൻ
ലിറ്റിൽ കൈറ്റ്സ് ക്രൂട്ടായ്മയിലൂടെ സെൻറ്
ആൻറണീസ് ജി. എച്ച്. എസ്. സ്ക്രൂളിലെ
വിദ്യാർത്ഥിനികൾ ഒത്തൊരുമിച്ച് മുന്നേറുന്നു.
കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് പുതിയ
രീതികൾ മനസ്സിലാക്കുവാനും, പഠിക്കുവാനും
പ്രവർത്തിക്കുവാനും ഈ വിദ്യാലയത്തിലെ
കുട്ടികൾ എപ്പോഴും സന്നദ്ധരാണ്.മലയാളം
കമ്പ്യൂട്ടിംഗിന്റെ ഭാഗമായി 2023-2026 ബാച്ചിലെ
൯-ാം ക്ലാസ്സ് വിദ്യാർത്ഥികൾ ഒരുക്കിയിരിക്കുന്ന
ഡിജിറ്റൽ മാസിക "തളിരിലക" ളിൽ
നമ്മുടെ കുട്ടികളുടെ സാഹിത്യമികവുകൾ
നിറഞ്ഞു പ്രശോഭിക്കുന്നു.ഡിജിറ്റൽ മാസികക്കായി
ആത്മാർത്ഥമായി പ്രവർത്തിച്ച എഡിറ്റോറിയൽ
ബോർഡിനും മറ്റെല്ലാ അംഗങ്ങൾക്കും
ഒത്തിരി  ആശംസകൾ....

# ഉള്ളടക്കം


1.നക്ഷത്രങ്ങളുടെ യാത്ര........................................................................

2.ദാഹിച്ചു വലയുന്ന കാക്ക...................................................................

3.എന്റെ  കാഴ്ച്ചപ്പാട്..............................................................................

4.മുന്നോട്ട്...........................................................................................

5.മണ്ണപ്പങ്ങൾ.......................................................................................

6.ഏകയായ  തണൽ.................................................................................

7.കാർമേഘം.........................................................................................

8.കുറുമ്പൻ ആനക്കുട്ടൻ പാഠം പഠിച്ചു.......................................................

9.ഒരു ചെറിയ സഹായം  ഒരു വലിയ മാറ്റം ............................................

10.താൻ  കുഴിച്ച  കുഴിയിൽ  താൻ  തന്നെ  വീഴും.........................................

11.പൂമ്പാറ്റ...........................................................................................

12.മഴക്കാലം.........................................................................................

13.മഴ...................................................................................................

14.കാട്ടുപൂവ്.........................................................................................

15.സ്വാതന്ത്ര്യം.......................................................................................

16.മാറ്റം................................................................................................

17.പുഴ...................................................................................................

18.മഴ പറഞ്ഞ കഥ.................................................................................

19.മിട്ടു മുയലും കിട്ടൻ കരടിയും.............................................................

20.അമ്മ  മനസ്സ്.....................................................................................

21.മാനം.................................................................................................

22.സ്നേഹം.............................................................................................

23.പേനയും  പുസ്തകവും.........................................................................



അദിവന്ദന സി.എസ്



# നക്ഷത്രങ്ങളുടെ യാത്ര

രാത്രിയുടെ കനൽക്കാറ്റിൽ ഗ്രാമത്തിൽ നിന്ന് അകന്ന് ഒരു ചെറിയ വീട്ടിലായിരുന്നു അനഘ്യയുടെ ലോകം. അവൾക്കൊപ്പം പൂർണ്ണചന്ദ്രനും, അവളുടെ സ്വപ്നങ്ങളും. നക്ഷത്രങ്ങളെ കയ്യിലെടുക്കാനായി അവൾക്ക് മടി ഇല്ലായിരുന്നു.

ഒരു രാത്രി, അവൾ സ്വപ്നം കണ്ടു .ആകാശത്തേക്ക് പൊങ്ങി പറക്കുന്ന ഒരു പൂക്കാവനം കണ്ടു. അവൾ അതിനകത്തേ്ക്ക് ചെന്ന് നക്ഷത്രങ്ങളുമായി സംവദിച്ചു. അവളുടെ പുഞ്ചിരിയിൽ, അവരുടെ ജീവൻ അടർന്നുപോയി.

പിറ്റേന്ന്, ഗ്രാമത്തിൽ ഒരു വാർത്ത പൊടി പാറിച്ചു. അനഘ്യ ആകാശത്തെ കുറിച്ച് എഴുതിയ കഥ, ഒരു വലിയ പ്രസിദ്ധീകരണത്തിൽ എത്തിയിരുന്നു. അവളുടെ ജീവിതം മാറ്റി മറിക്കുന്ന ഒരു സന്ദേശം അയച്ചിരുന്നു ആ കഥ.

അന്നുമുതൽ, ഗ്രാമത്തിലെ കുട്ടികൾ രാത്രിയാകുമ്പോൾ, ആകാശത്തെ നോക്കി പുതിയ കഥകൾ രചിക്കാൻ തുടങ്ങി. അനഘ്യയുടെ സ്വപ്നം, നക്ഷത്രങ്ങളിലൂടെ കയറി ചെന്ന്, ഒരു വലിയ സത്യമായി മാറി.

ജീവിതം സ്വപ്നങ്ങളേക്കാളും വലിയതാണെന്ന് പലരും പറയും.

എന്നാൽ, ചിലർക്ക് സ്വപ്നങ്ങളാണ് ജീവിതം.

അനഘ്യ അതിൻെറ ഉദാഹരണമായിരുന്നു.....



അദിയ എ.എച്ച്

# ദാഹിച്ചു വലഞ്ഞ കാക്ക

ഒരു കാക്ക ഒരു ദിവസം മരകൊമ്പിൽ ദാഹിച്ചു വലഞ്ഞു ഇരിക്കുകയായിരുന്നു. അപ്പോൾ അവിടെ ദൂരെ ഒരു കുടത്തിൽ വെള്ളം കണ്ടു. അങ്ങനെ ആ കാക്ക അവിടെക്കു ചെന്നു നോക്കി. അപ്പോൾ വെള്ളം വളരെ അടിയിൽ ആയിരുന്നു.കാക്ക എന്ത് ചെയ്യുമെന്ന് ആലോചിച്ചു. അപ്പോൾ അവിടെ കുറച്ച് കല്ലുകൾ കിടക്കുന്നത് കണ്ടു. അങ്ങനെ കാക്ക ആ കല്ലുകൾ പെറുക്കി കുടത്തിൽ ഇട്ടു. അങ്ങനെ കുടം നിറയുന്നത് വരെ കാക്ക കല്ലുകൾ പെറുക്കി ഇട്ടുകൊണ്ടിരുന്നു. അങ്ങനെ കുറെ നേരത്തെ പരിശ്രമത്തിന് ശേഷം കുടത്തിലെ വെള്ളം പൊന്തി വന്നു.അങ്ങനെ കാക്ക ദാഹം തീരുന്നത് വരെ വെള്ളം കുടിച്ചു. കാക്ക സന്തോഷത്തോടെ പറന്നു പോയി.





ആഗ്ന ഷാജു

# എന്റെ കാഴ്ചപ്പാട്

മുറിവേൽപ്പിച്ച ഇന്നലെകൾ
ഭൂതകാലത്തേക്കു കൊണ്ടു പോയി . . .

അവ തന്ന വേദനകളിൽ ജീവിതം
പഴിച്ചുടച്ചു ഞാൻ . . . . .

അതിൽ നിന്നുള്ള പാഠങ്ങൾ മനസ്സിലേന്തി
മുന്നേറുകയാണിന്നു ഞാൻ . . . .
കാരണം ,

ഇന്നലെകൾ എന്റെയായില്ലെങ്കിലും
നാളേകൾ എന്റേതാക്കണം . . . . . .





ആഗ്നൽ മരിയ

# മുന്നോട്ട്

ഇരുളിനെ നീക്കി പ്രകാശം
പരത്തിടാം
ചിറകുകൾ വീശി
പറന്നുയർന്നിടാം
തളരാതെ ഉയരങ്ങൾ ഇനിയും
താണ്ടിടാം
കരുത്താർജ്ജിക്കാം കാലത്തെ
അതിജീവിച്ചിടാം
സ്നേഹത്തിൻ മാമ്പൂക്കൾ
വിടർത്തിടാം
തണലായി തുണയായി കുടെ
നിന്നിടാം
കരുണയ്ക്കായ്
കൈകോർക്കാം ഒന്നായ്
നിന്നിടാം
മുന്നോട്ടു പോയിടാം പാറി
പറന്നിടാം . . . . .





ആൽഫ മരിയ പി. ജെ

# മണ്ണപ്പങ്ങൾ

കണ്ണൻ ചിരട്ടയിൽ
മണ്ണ് നിറച്ചു നാം
ചുട്ടു കൂട്ടിയ മണ്ണപ്പങ്ങൾ
ഒരു നേർത്ത തട്ടിനാൽ
തകരുമെന്നറിയുകിലും
പ്രിയമോടെ ചുട്ടൊരാ മണ്ണപ്പങ്ങൾ
നെയ്തു കൂട്ടവേ കാലത്തിൻ തട്ടേറ്റു
തകർന്നു വീഴും മോഹങ്ങൾ പോലെ
പൊടിഞ്ഞുപോകുമീ മണ്ണപ്പങ്ങൾ



-അനഘ്യ സന്തോഷ്

# ഏകയായ തണൽ

മക്കളായിനാലുപേരുണ്ടെങ്കിലും അമ്മ

ഏകയാണേകയാണീയൂഴിയിൽ
അച്ഛൻമറഞ്ഞൊരുകാലം മുതൽക്കമ്മ ഭാരമായി
തിർന്നുവോ നാലുപേർക്കും.

നാഴൂരിമണ്ണും പകുത്തെടുത്തു മക്കൾ നാലുവഴിക്കായി
പിരിഞ്ഞുപോയി
അച്ഛന്റെആത്മാവുറങ്ങുന്ന മണ്ണിൽ അമ്മ ഏകയായി
തീർന്നുപോയി...

ചെല്ലക്കഥകൾ കേട്ടുവളർന്നൊരു പേരക്കുട്ടി ഓടിവന്ന
നിമിഷം...
ശാസിച്ചു നിർത്തി മരുമകളെങ്കിലും അമ്മമനസ്സു
നീറിനിന്നു.......





അനന്യ എ.എസ്

# കാർമേഘം

മനം പോലെ മാനവും
ഇരുളുന്നു വീണ്ടും...
പെയ്തൊഴിയൊഴിയുന്നില്ല
ഒരു തുള്ളിപ്പോലും....
ഘനമേറെയാണുതാനും..
ആർത്തലച്ചു പെയ്യണം
ലഘുവായി വീണ്ടും-
വാനിലേക്കുണർന്നുയരാൻ
ഈ ചക്രമിതുപോൽ തുടരുവാൻ



# കുറുമ്പൻ ആനക്കുട്ടൻ പാഠം പഠിച്ചു!



എയ്ഞ്ചൽ അന്ന

ഒരിടത്തൊരു കാട്ടിൽ കുറുമ്പനായ ഒരു ആനക്കുട്ടൻ ഉണ്ടായിരുന്നു.മറ്റ് ചെറിയ മൃഗങ്ങളെ ഒരാവശ്യവുമില്ലാതെ അവൻ ഉപദ്രവിക്കും.അങ്ങനെയിരിക്കെ ഒരു ദിവസം കാട്ടിൽ കളിച്ചു നടക്കെ ഒരു വലിയ മരക്കൊമ്പിൽ അവൻ ഒരു കുരുവിയുടെ ക്രൂട് കണ്ടു.ഉടനെ തന്നെ അവൻ ആ മരച്ചില്ല തുമ്പിക്കൈ കൊണ്ട് പിടിച്ച് കുലുക്കാൻ തുടങ്ങി. ആ ക്രൂട്ടിൽ കുറെ മുട്ടകളുണ്ടായിരുന്നു. പാവം അമ്മകുരുവി!
അവൾ വേഗം പറന്നു ചെന്നു ആനക്കുട്ടനോട് പറഞ്ഞു.'ആനക്കുട്ടാ!
ദയവു ചെയ്തു ഞങ്ങളെ ഉപദ്രവിക്കല്ലേ! എൻെറ മുട്ടകൾ താഴെ വീണുടഞ്ഞു പോകും.' ആനക്കുട്ടൻ കുരുവിയുടെ കരച്ചിൽ കേൾക്കുന്നു.അവൻ ക്രൂടുതൽ ശക്തിയോടെ മരച്ചില്ല കുലുക്കി.കുരുവിയുടെ മുട്ടകൾ ഓരോന്നായി നിലത്തു വീണുടഞ്ഞു. പാവം അമ്മക്കുരുവി കരഞ്ഞു. പാവം അമ്മക്കുരുവി കരഞ്ഞു തളർന്നു അവിടെ
ഇരുന്നു. അവൾ ആനക്കുട്ടനോട് ഉറക്കെ വിളിച്ചു പറഞ്ഞു,'നിന്നെ ഞാൻ വെറുതെ വിടില്ലെടാ ദുഷ്ടാ!'
ഇത്തിരിപ്പോന്ന നീ എന്നെ എന്തു ചെയ്യാനാണ്?
അത് നിനക്ക് വഴിയെ മനസ്സിലായിക്കോളും..............





ആൻമിക.എസ്

# ഒരു ചെറിയ സഹായം  ഒരു വലിയ മാറ്റം

മനു ഒരു ചെറിയ കുട്ടിയായിരുന്നു.സ്കൂളിൽ പോകുമ്പോൾ അവൻ വഴിയിൽ ഒരു കായ തെറിച്ച കിടക്കുന്നത് കണ്ടു. അവൻ അത് സമീപത്തുണ്ടായിരുന്ന ഒരു മരത്തിനോട് ചേർത്തുവച്ചു, അതു  കണ്ട കൂട്ടുകാരൻ ചിരിച്ചു. അത്  എന്തിനാ  മനു? മനു മറുപടി നൽകി, ഒരു പക്ഷേ നാളെ അത് മരമായി മാറിയേക്കാം.

വർഷങ്ങൾക്കുശേഷം ആ കായ ഒരു വലിയ മരമായി മാറി.ആ മരത്തിന്റെ തണലിൽ കുട്ടികൾ കളിക്കുകയും, യാത്രക്കാരുടെ വിശ്രമസ്ഥലമാവുകയും ചെയ്തു .ചെറിയൊരു സഹായം പോലും വലിയൊരു    മാറ്റമുണ്ടാക്കുമെന്ന് മനു തിരിച്ചറിഞ്ഞു.





ആൻലിയ രാജീവ്

# താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴും

ഒരിക്കൽ ഒരിടത്ത് മഹാമടിയനായ ഒരു പാമ്പുണ്ടായിരുന്നു. ഒരു ദിവസം പാമ്പിന് തവളയെ തിന്നാൻ ഒരു മോഹം തോന്നി. അവിടെ ഒരു കുളത്തിൽ ധാരാളം തവളകൾ ഉണ്ടായിരുന്നു.


പാമ്പ് അവിടേക്ക് ചെന്നു. അവിടെയുണ്ടായിരുന്ന തവളകളോട് പാമ്പ് പറഞ്ഞു. ഞാൻ നിങ്ങളെ

സഹായിക്കാനാണ് വന്നിരിക്കുന്നത്. അവിടെ തവള പിടുത്തക്കാർ വന്നിട്ടുണ്ട്. ഞാൻ നിങ്ങളെ

സുരക്ഷിതമായ സ്ഥലത്തേക്ക് കൊണ്ടുപോകാം. പാമ്പിനെ വിശ്വസിച്ച് തവളകൾ യാത്രയായി.

അവർ ഒരു ഗുഹയിലെത്തി. അത് കീരിയുടെ ഗുഹയാണെന്ന് പാമ്പിന് അറിയില്ലായിരുന്നു.

കീരിയെ കണ്ടതും തവളകൾ ചാടി രക്ഷപ്പെട്ടു. കീരി പാമ്പിനെ തിന്നു.



ഗുണപാഠം : താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴും

# പൂമ്പാറ്റ



അവന്തിക എം.എസ്

പാറിപ്പാറി പറന്ന് നടക്കും
പുള്ളി പൂമ്പാറ്റ
പൂവുകൾ തോറും ചുറ്റിനടക്കും
പുള്ളി പൂമ്പാറ്റ
പൂമ്പൊടിയാകെ വാരി വിതറും
പുള്ളി പൂമ്പാറ്റ
പൂവിലിരുന്ന് പൂന്തേൻ കുടിക്കും
പുള്ളി പൂമ്പാറ്റ
പൂക്കളിതൊട്ട് ഞൊട്ടി രസിക്കും
പുള്ളി പൂമ്പാറ്റ
പല പല കളറായ് പലതരമുണ്ട്
പുള്ളി പൂമ്പാറ്റ
പല പല ദേശം ചുറ്റി കറങ്ങും
പുള്ളി പൂമ്പാറ്റ



# മഴക്കാലം



ഡോറ
വാഴപ്പിള്ളി

മഴകൊണ്ടു മാത്രം
മുളയക്കുന്ന വിത്തും
മഴകാത്തു കഴിയുന്ന
വേഴാമ്പലും
മഴത്തുള്ളി പൊഴിയുന്ന
നാടൻ വഴിയും
ഓർമ്മയാക്കി
ഇടവം പോയി............





ഈവ സിജൂ

# മഴ

നൊമ്പരമെഴുതിയ
മഴയേ.......
എത്ര നീ വേദന
തന്നുവെന്നാലും
പ്രണയിച്ചു
പോയില്ലേ നിന്നെ
ഞാൻ മഴയേ........
പ്രണയിച്ചിട്ടും ഞാൻ
ഇനിയുള്ള കാലവും....................



നിൻ മഴത്തുള്ളി
കിലുക്കമാണിപ്പഴും
എൻ ഇടനെഞ്ചിൻ
ഹൃദയതാളം...............



-ഗൗരി പാർവ്വതി എ.വി

# കാട്ടുപൂവ്

ചിതറിത്തെറിക്കുന്ന
ചിന്തകളിൽ
എപ്പോഴും
നിന്റെ പുഞ്ചിരി
ഒന്ന് മാത്രം
മഴവില്ല് പോലെ നീ
മനസ്സിൽ
തെളിയുമ്പോൾ
ഉണരുന്ന എന്നിലെ
മോഹങ്ങളും








ഹൃദിക വി . എസ്

# സ്വാതന്ത്ര്യം

പക്ഷിയെ   തടവിലാക്കിയാൽ
അതിനെ പറക്കാൻ സാഹായിക്കുക.
രാത്രി ഇരുട്ടാണെങ്കിൽ വിളക്ക്
കൊളുത്തി പ്രകാശിപ്പിക്കുക.
യാഥാസ്ഥിതിക
ചിന്തകളിൽ കുടുങ്ങി വർഷങ്ങൾ കടന്നു പോയി...

നിങ്ങൾ എന്റെ വികാരങ്ങൾ പരിഹരിച്ചു.
അത് സ്ത്രീയായയലും ,പുരഷുനായയാലും,കുട്ടിയായയാലും

എല്ലാവരുടെയും
ജീവിതത്തെ ബഹുമാനിക്കുക...
എല്ലാ മതിലുകളും തകർത്ത്
വിജയത്തിന്റെ പാതയിൽ
മുന്നേറുക...

ആ വീരൻമാർ
എന്ത് നേടി, നിങ്ങൾ ഇപ്പോഴും
ഭയത്തിൽ അകപ്പെട്ടാൽ
എഴുന്നേൽക്കുക, ആകാശം തൊടുക,
സ്വതന്ത്രരാകാൻ എല്ലാവർക്കും
അവകാശമുണ്ട്.



കൃഷ്ണ .പി

# മാറ്റം

എത്തിയല്ലോ നാം എത്തിയല്ലോ
ഇന്നലെകൾ മാഞ്ഞുപോയൊരു നവമാം
യുഗത്തിൽ വന്നു ഭവിച്ചൊരു തലമുറ മാറ്റം
അറിഞ്ഞു നമ്മൾ  ഈ ലോകത്തിൽ പുതുയുഗ സ്പന്ദനങ്ങൾ

വിദ്യതൻ മാന്ത്രിക ചെപ്പിനുള്ളിൽ
സൂക്ഷിച്ചു വച്ച സാങ്കേതിക വിദ്യകൾ കോർത്തിണക്കി
എത്തിച്ചുവല്ലോ നമ്മെ വലകൾ ചേർത്തു  വച്ച ലോകത്തിൽ
ഇലക്ട്രോണിക്  തലമുറയെ
കാണിച്ച യഥാർത്ഥ്യങ്ങൾക്കപ്പുറം
കുതിക്കുന്ന  ലോകത്തിൻ മാറ്റത്തിൻ സാക്ഷികളല്ലോ നമ്മൾ..........



-ക്രഷ്ണപ്രിയ പി.ആർ

# പുഴ

ചില നേരമിങ്ങനെ
ഏറെ നിശബ്ദമായ്
പുലരിയെ കണ്ണട-
ച്ചേറ്റു  വാങ്ങീടണം..............

ചില നേരമോ ഗാഢ
മൗനവും നീലിച്ച
നിലാവിൻ പൂക്കളും
ചേർത്തു വച്ചീടണം.................

അതുപോൽ നിരർത്ഥക-
മെങ്കിലും ക്രൂരിതുൾ
കുത്തിയൊലിച്ചു പോയ്
മടക്കാതീപ്പുഴ..................



നവിത.കെ

# മഴ പറഞ്ഞ കഥ

മഴ  വന്നു  പറഞ്ഞ കഥകളിലെവിടെയോ
കരിയിലകൾ കത്തിയ മണ്ണിന്റെ
വിലാപഗീതം
അരുതെന്റെ
വസന്ത സൂനങ്ങളെ
നിൻ മിഴികളിൽ
മഞ്ഞുതുള്ളിയായ്
വീണ്ടടയുന്ന വേദനകൾ
അലിവെന്ന
നിലാവിന്റെ
അക്ഷിയിൽ
ധാരയാകെ ദർപ്പണം ചെയ്തു ഞാൻ
ഒരു കോടി തുള്ളിയായ്
നിൻ വനിയിലെ ദാരങ്ങളോരോന്ന്
ഒരോന്ന്
പെയ്തു തീർത്തു..........







സംവൃത ബീ നായർ


# മിട്ടു മുയലും കിട്ടൻ കരടിയും

ഒരു കാട്ടിൽ കിട്ടൻ എന്ന് പേരുള്ള ദുഷ്ടനായ ഒരു കരടി ക്കുട്ടനുണ്ടായിരുന്നു.കിട്ടൻ കരടി കാട്ടിലെ ചെറിയ ചെറിയ എല്ലാ ജീവികളെയും ഉപദ്രവിച്ചിരുന്നു.ഒരു ദിവസം മിട്ടു മുയൽ കാട്ടിലെ ഒരു മരച്ചുവട്ടിൽ കിടന്നുറങ്ങുകയായിരുന്നു.പെട്ടെന്ന് മിട്ടു മുയലിന്റെ ദേഹത്ത് എന്തോ വന്നു വീണു .മിട്ടു മുയൽ എണീറ്റു ചുറ്റുപാടും നോക്കി അതാ കിട്ടൻ കരടി ഇരുന്നു ചിരിക്കുന്നു.അവനാണ് കല്ലെറിഞ്ഞത്.മിട്ടു മുയൽ ഒന്നും മിണ്ടാതെ നടന്നു കുറച്ചു കഴിഞ്ഞപ്പോൾ അതാ ഒരു കരച്ചിൽ കേൾക്കുന്നു

രക്ഷിക്കണേ... രക്ഷിക്കണേ....

കരച്ചിൽ കേട്ട സ്ഥലത്തേക്ക് മിട്ടു മുയൽ ഓടിച്ചെന്നു .

നോക്കുമ്പോഴതാ നമ്മുടെ കിട്ടൻ കരടി തേനീച്ചകളുടെ കുത്തു കൊണ്ട് മുഖത്താകെ വീർത്ത് വിഷമിച്ചിരിക്കുന്നു .ഇതുകണ്ട മിട്ടുവിന് വിഷമമായി കാട്ടിലെ എല്ലാ ജീവികളേയും നീ ഉപദ്രവിക്കുന്നില്ലേ അതുകൊണ്ടാണ് ഇപ്പോ നിനക്ക് ഇങ്ങനെ ഒരു പണി കിട്ടിയത് .പാവം തേനീച്ചകളെ ഉപദ്രവിച്ചിട്ടാണ്. സാരമില്ല നമുക്ക് പരിഹാരമുണ്ടാക്കാം. ഇങ്ങനെ പറഞ്ഞ് മിട്ടു മുയൽ തിരിച്ചുപോയി എന്നിട്ട് കിട്ടൻ കരടിക്ക് പുരട്ടാനുള്ള മരുന്നുമായി മിട്ടു മുയൽ തിരിച്ചു വന്നു. കിട്ടന്റെ മുഖത്തെല്ലാം പുരട്ടികൊടുത്തു. അങ്ങനെ സന്തോഷവാനായ കിട്ടൻ കരടിക്ക് ഒരു കാര്യം മനസ്സിലായി ഇനി മുതൽ ഈ കാട്ടിലെ എല്ലാ ജീവികളും എന്റെ സുഹൃത്തുക്കളാണ്.



സയന . പി . എസ്

# അമ്മ മനസ്സ്

അമ്മയില്ലാത്തൊരു കുഞ്ഞല്ലയോ,
അമ്മതൻ വാത്സല്യം ഏകിടാം ഞാൻ.

അമ്മയോടുള്ളൊരു സ്നേഹമെന്നും,
ഏകിടാമോ എനിക്കെന്നുമെന്നും.

അമ്മയോടോതുവാനുള്ളതാം വാക്കുകൾ,
എന്നോടായ് നീ ചൊല്ലിടുകിൽ.

അമ്മനൽകുമൊരുമ്മപോലും,
നൽകീടാം ഞാൻ നെറുകയിലെന്നും.





ശിവഗംഗ എം.എസ്

# മാനം

മാനവും പോലെ ആകാശവും.....
വീണ സംഗീതം പോലെ മഴ!
പെയ്ത്ത് മഴയുടെ  മണം........
കളകള ഒഴുകുന്ന അരുവി
ഭൂമിയാം സംഗീതം!
പാഴാകരുത് ഓരോ
തുള്ളി വെള്ളവും........



ശ്രീനന്ദന എം.ആർ

# സ്നേഹം

മനുഷ്യനെ

തകരാതെ,തളരാതെ


പിടിച്ചു നിർത്താൻവേണ്ട

ഒരു മരുന്നാണ് സ്നേഹം

അത്,

ഹൃദയം കൊണ്ട് മാത്രം കൊടുക്കുക

ഹൃദയം കൊണ്ട് മാത്രം സ്വീകരിക്കുക.....!



# പേനയും പുസ്തകവും



തീർത്ഥ പി. എസ്

പേന അമ്മയാണ്

പുസ്തകം അച്ഛനും

പേന വരികളെ  പ്രസവിച്ചിടുന്നത്

പുസ്തകത്തിന്റെ

കൈകളിലേക്കാണ്.

എന്റെ ചിന്തകൾ സഞ്ചരിച്ച്

ആരുടെയൊക്കെയോ

ചിന്തകളിൽ ചേക്കേറുമ്പോൾ

ഈ അച്ഛനും അമ്മയുമാണല്ലോ,

ചിന്തകളുടെ കൈകളിൽ പിടിച്ച്

പുതിയ പാതകളിലേക്ക്

അവനെ നയിക്കുന്നത്..........